<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788</u> <u>25-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിർത്തലാക്കിയിട്ടുണ്ട്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പഠന മികവിന്റെ അടിസ്ഥാനത്തിൽ 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇത് മൂലം 1 മുതൽ 8 വരെ ക്ലാസുകളിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതി വന്ന സാഹചര്യത്തിൽ, മുൻപ് നൽകിയിരുന്ന സമാന നിരക്കിൽ 2.5 ലക്ഷം രൂപ വരുമാന പരിധിയിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 'കെടാവിളക്ക്' സ്കോളർഷിപ്പ് പദ്ധതി എന്ന പേരിൽ പുതുതായി സംസ്ഥാന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ആയതിൻ പ്രകാരം 2023-24 വർഷം മുതൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തി വരുന്നു. |
| (ബി) | എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പഠന മികവിന്റെ അടിസ്ഥാനത്തിൽ 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 50% കേന്ദ്ര |

| | | | |
|---|---|---|---|
| | | | സഹായത്തോടെ നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇത് മൂലം 1 മുതൽ 8 വരെ ക്ലാസുകളിലെ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമാകുന്ന സ്ഥിതി വന്ന സാഹചര്യത്തിൽ, മുൻപ് നൽകിയിരുന്ന സമാന നിരക്കിൽ 2.5 ലക്ഷം രൂപ വരുമാന പരിധിയിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 'കെടാവിളക്ക്' സ്കോളർഷിപ്പ് പദ്ധതി എന്ന പേരിൽ പുതുതായി സംസ്ഥാന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ആയതിൻ പ്രകാരം 2023-24 വർഷം മുതൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തി വരുന്നു. |
| (സി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കെടാവിളക്ക് സ്കോളർഷിപ്പ് എത്ര വിദ്യാർഥികൾക്ക് ഇതുവരെ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | 2023-24 കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 1 മുതൽ 8 വരെയുള്ള ക്ലാസുകളിലേക്കായി ആകെ 1,15,211 വിദ്യാർത്ഥികൾക്കായി 17,28,16,500/- രൂപ (പതിനേഴ് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ